# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1680 — 17.06.13-ലെ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

ചോദ്യം
ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി
ശ്രീ. സി. മമ്മൂട്ടി
ശ്രീ. പി. ഉബൈദുള്ള

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് നടത്തുന്ന പരിശീലന പരിപാടികൾ വിശദമാക്കുമോ ; | (എ) | കേരള സംസ്ഥാന പരിശീലന നയം അടിസ്ഥാനമാക്കി സർക്കാർ ഉദ്യോഗസ്ഥർക്ക്, വികസനവും കാര്യക്ഷമതയും മുൻനിർത്തിയുള്ള വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നിലവിൽ നടത്തി വരുന്നുണ്ട്. ഓരോ വകുപ്പിലേയും ഉദ്യോഗസ്ഥരുടെ പരിശീലനാവശ്യങ്ങൾ അവലോകനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കിയാണ് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്. കാലാകാലങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തി പൊതുഭരണത്തിലെ നൂതനമായ ആശയങ്ങളും പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന സമയത്ത് നൽകുന്ന ഇൻഡക്ഷൻ ട്രെയിനിംഗ്, സ്ഥാനക്കയറ്റത്തോടനുബന്ധിച്ചുള്ള പരിശീലനം. സ്പെഷ്യലൈസ്ഡ് ട്രെയിനിംഗ്, സോഫ്ട് സ്കിൽസ് ട്രെയിനിംഗ്, കേന്ദ്രസർക്കാരിന്റെ പരിശീലന വിഭാഗം അനുവദിക്കുന്ന പരിശീലന പരിപാടികൾ. വിവരാവകാശത്തെയും സേവനാവകാശത്തെയും സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. |
| (ബി) | വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയുള്ള ഇൻഡക്ഷൻ ട്രെയിനിംഗ് പരിപാടികൾ എന്തെല്ലാമെന്നും കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സർവ്വീസിൽ പ്രവേശിച്ചവർക്കെല്ലാം ട്രെയിനിംഗ് നല്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ : | (ബി) | പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഇൻഡക്ഷൻ പരിശീലനം 2009-10 വർഷത്തിലാണ് ആരംഭിച്ചത്. 2009-10-ൽ 3 പ്രോഗ്രാമും, 2010-11-ൽ 29 പ്രോഗ്രാമും, 2011-12-ൽ 31 പ്രോഗ്രാമും, 2012-13-ൽ 21 പ്രോഗ്രാമും നടത്തുകയുണ്ടായി. 2013-14-ൽ ഐ.എം.ജിയുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ച് 20 പരിശീലന പരിപാടികൾ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്.<br>കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സർവ്വീസിൽ പ്രവേശിച്ചവർക്കെല്ലാം ട്രെയിനിംഗ് നൽകാൻ കഴിഞ്ഞിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഐ.എം.ജിയിൽ നിന്നും പരിശീലനം നേടുന്നവരിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (സി) | ഐ.എം.ജിയിൽ നിന്നും പരിശീലനം നേടുന്നവരിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റത്തെക്കുറിച്ച് വിലയിരുത്തുന്നതിന് വേണ്ടി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ (സിഎംഡി) ചുമതലപ്പെടുത്തുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് പരിശീലനത്തിൽ പങ്കെടുത്ത സർക്കാരുദ്യോഗസ്ഥരുടെ കാര്യക്ഷമതയിലും മനോഭാവത്തിലും ഗണ്യമായ മാറ്റം പ്രതിഫലിച്ചിട്ടുള്ളതായി പരാമർശമുണ്ട്. |
| (ഡി) | പിന്നോക്ക ന്യൂനപക്ഷക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും അനൗദ്യോഗിക പ്രതിനിധികൾക്കും ഐ.എം.ജി ഏതെങ്കിലും പരിശീലന പരിപാടി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അവർക്കായി പരിശീലന പരിപാടി നടപ്പാക്കുമോ ? | (ഡി) | ഉണ്ട്. പിന്നോക്ക ന്യൂനപക്ഷക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മൂന്നു ദിവസം ദൈർഘ്യമുള്ള സെൻസിറ്റൈസേഷൻ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. അനൗദ്യോഗിക പ്രതിനിധികൾക്ക് നിലവിൽ പരിശീലന പരിപാടി നടപ്പാക്കുന്നില്ല. |

**സെക്ഷൻ ആഫീസർ**